പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3704** 23/08/2017- ൽ മറുപടിക്ക്

## കേരള ആട്ടോമൊബൈൽസിന്റെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കേരള ആട്ടോമൊബൈൽസ് കടുത്ത പ്രതിസന്ധിയിലാണെന്നും, ജീവനക്കാർക്ക് നാല് മാസത്തെ ശമ്പളം കുടിശ്ശികയാണെന്നതും വസ്തുതയാണോ എന്നറിയിക്കാമോ; | (എ) കേരള ആട്ടോമൊബൈൽസിലെ ജീവനക്കാർക്ക് മുൻ മാസങ്ങളിലെ ശമ്പളം കൃത്യമായ സമയങ്ങളിൽ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശമ്പളം നൽകി വരികയും ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രതിസന്ധിക്കുള്ള കാരണങ്ങൾ എന്തൊക്കെയാണ്; അവ പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുക എന്നറിയിക്കുമോ? | (ബി) നോട്ട് അസാധുവാക്കൽ, കമ്പനിയുടെ ഉത്തരേന്ത്യൻ വിപണികളിൽ ഡീസൽ വാഹനങ്ങളുടെ നിരോധനം, BS III മാനദണ്ഡത്തിന് പകരം BS IV മാനദണ്ഡത്തിനുള്ള വാഹനങ്ങൾക്കു മാത്രമേ ARAI-യുടെ അംഗീകാരം നൽകുകയുള്ളൂ എന്ന നിയമം, GST എന്ന പുതിയ ടാക്സ് ഘടനയുടെ നടപ്പാക്കൽ എന്നിവ കമ്പനിയുടെ പ്രതിസന്ധിക്ക് കാരണമായി. കമ്പനിയുടെ അത്യാവശ്യമുള്ള പ്രവർത്തന മൂലധനസഹായത്തിനായി 2016-2017-ലെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും 200 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2017-2018-ൽ 2.90 ലക്ഷം രൂപ പ്രവർത്തന മൂലധനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് |

നിലവിൽ ഐ,എസ്.ആർ.ഒ.-ക്ക് വേണ്ടി സി.എൻ.സി. മെഷീനുകൾ ഉപയോഗിച്ച് ചെയ്യുന്ന കരാർ ജോലികൾ വിപുലപ്പെടുത്താൻ വേണ്ട ആധുനിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ജോലികൾ ചെയ്യുന്നതിന് പ്രത്യേക വിഭാഗം ആസൂത്രണം ചെയ്യുവാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള പരിശീലന പദ്ധതി (KAL Skill Development & Research Centre) കൂടുതൽ വിപുലീകരിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ